**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. T 1451** **14.12.2012 ൽ മറുപടിയ്ക്ക്**

## <u>അഹാഡ്സിന്റെ പ്രവർത്തനം</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **കെ.സി. ജോസഫ്**<br>**(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| (എ) അട്ടപ്പാടി വികസന പദ്ധതിയായ അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. ജപ്പാൻ ഇൻറർനാഷണൽ കോർപ്പറേഷൻ ഏജൻസിയുടെ സഹായത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കിയിരുന്ന പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്നു അഹാഡ്സ്. ഈ പദ്ധതിക്ക് ജപ്പാൻ ഇൻറർനാഷണൽ കോർപ്പറേഷൻ ഏജൻസിയിൽ നിന്നും ലഭിച്ചിരുന്ന ധനസഹായം 2010 മാർച്ച് 26 ന് അവസാനിച്ചു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ മുഴുവൻ പൂർത്തിയാക്കുന്നതിനും കണക്കുകൾ ശരിയാക്കുന്നതിനുള്ള പ്രവർത്തികൾക്കുമായി 31.03.2012 വരെ അഹാഡ്സിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയുന്ന രീതിയിൽ അഹാഡ്സിനെ സജീവമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ അഹാഡ്സിനെ സംബന്ധിച്ച ശുപാർശ എന്തായിരുന്നു; വിശദമാക്കുമോ; | (ബി) ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ അഹാഡ്സിനെ സംബന്ധിച്ച് ശുപാർശകളൊന്നും ഇല്ലായിരുന്നു. എന്നാൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിക്കാൻ നിർദ്ദേശിച്ചിരുന്നു.<br>(1) അടുത്ത മൂന്ന് വർഷത്തിനിടയിൽ ജീവനക്കാരുടെ എണ്ണം ക്രമാനുഗതമായി മൂന്നിലൊന്നാക്കി ചുരുക്കണമെന്ന നിബന്ധനയോടെ അഹാഡ്സിനെ ഇപ്പോഴത്തെ നിലയിൽ തുടർന്നും പ്രവർത്തിക്കാൻ അനുവദിക്കുക. |

| | |
|---|---|
| | (2) കൃഷി, മൃഗസംരക്ഷണം, വനം, ആദിവാസി ക്ഷേമം എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അഹാഡ്സ് വഴി സബ് പ്രോജക്ടുകൾ എന്ന നിലയ്ക്ക് ഏറ്റെടുക്കാൻ അനുവദിക്കുക. അതത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അത്തരം സബ് പ്രോജക്ടുകളുടെ കൺവീനർമാരാക്കുകയും നിർവ്വഹണം അഹാഡ്സിനെ ഏൽപ്പിക്കുകയും ചെയ്യുക.<br>(3) RIDF, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാൻ അഹാഡ്സിനെ അനുവദിക്കുക.<br>(4) ഈ സാമ്പത്തിക വർഷം അഹാഡ്സിന് ഗ്രാന്റായി 5 കോടി രൂപ അനുവദിക്കുക. അടുത്ത വർഷം 3 കോടിയായും അതിനടുത്ത വർഷം 2 കോടിയായും ഗ്രാന്റ് തുക നിജപ്പെടുത്തുക.<br>(5) പാലക്കാട് ജില്ലാ കളക്ടറെ പ്രോജക്ട് ഡയറക്ടറുടെ അധികച്ചുമതല തുടർന്നും വഹിക്കുവാൻ നിയോഗിക്കുക.<br>(6) തൽക്കാലം റിവോൾവിംഗ് ഫണ്ട് ശമ്പളം നൽകുന്നതിനും മറ്റും ഉപയോഗപ്പെടുത്താൻ അനുവദിക്കുക.<br>(7) അഗളി കുടിവെള്ള പദ്ധതിയിൽ ക്രമക്കേടുകളുണ്ടോ എന്ന് അന്വേഷണം നടത്തുക. |
| (സി) അട്ടപ്പാടി പ്രദേശം കൈവരിച്ച നേട്ടങ്ങൾ നഷ്ടപ്പെട്ട് പോകാതിരിക്കാൻ എന്ത് നടപടിയായിരുന്നു ചീഫ് സെക്രട്ടറി മുന്നോട്ട് വച്ചിരുന്നത് ; ഇത് അംഗീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ? | (സി) താഴെ പറയുന്ന പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് ഏറ്റെടുക്കാവുന്നതാണെന്ന് ചീഫ്സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.<br>(1) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ<br>(2) പച്ചക്കറി -വാഴക്കൃഷി<br>(3) വനവൽക്കരണ പരിപാടികൾ<br>(4) കാർഷികോത്പന്ന വിപണന പരിപാടികൾ<br>(5) മൃഗസംരക്ഷണ പ്രവർത്തികൾ<br>(6) കോഴി വളർത്തൽ<br>(7) ഭവനനിർമ്മാണം<br>(8) മണ്ണ് സംരക്ഷണം. |

അഹാഡ്സിന്റെ നിലവിലുള്ള 'മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ' പ്രകാരം പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കില്ല. പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ പറ്റുന്ന തരത്തിൽ അഹാഡ്സിനെ അഹാഡ്സ് **CCPRM** ആയി മാറ്റുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലാണ്. ഇതിനായി **MOA, Rules & regulations** എന്നിവയുടെ കരട് വിവിധ വകുപ്പുകളുടെ നിർദ്ദേശങ്ങൾക്കായി അയച്ചുകൊടുത്തിരിക്കുകയാണ്. ആയവ ലഭിച്ചു കഴിയുന്നതിനനുസരിച്ചേ മേൽ നിയമങ്ങൾക്ക് അന്തിമ രൂപം നൽകാൻ സാധിക്കുകയുള്ളൂ. അഹാഡ്സിനെ അഹാഡ്സ് **CCPRM** ആക്കി മാറ്റിയതിന് ശേഷമേ പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ